പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2994 | 13-03-2018-ൽ മറുപടിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.സി.ജോസഫ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) |
| (എ) | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരോല്പാദന മേഖലയിൽ പശുത്തൊഴുത്ത്,ആട്ടിൻകൂട് എന്നിവയുടെ നിർമ്മാണം, വ്യക്തിഗത ഗാർഹിക ശൗചാലയം, കളിസ്ഥലം, പൊതുചന്ത തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ അനുവദിച്ചിട്ടുള്ളത് തൊഴിലിനോടൊപ്പം വികസനവും എന്ന യാഥാർത്ഥ്യം പ്രാപ്തമാക്കുന്നതിന് എത്രമാത്രം സഹായകമായി എന്ന് വിശദീകരിക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിയമത്തിന്റെ 5-ാം പട്ടികയിൽ പരാമർശിച്ചിട്ടുള്ള കുടുംബങ്ങൾക്ക് ഉപജീവന് ആസ്തികളായ പശുതൊഴുത്ത്, ആട്ടിൻകൂട് എന്നിവ നിർമ്മിച്ചു നൽകുന്നുണ്ട്. ഇത് ഗുണഭോക്താക്കളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ക്ഷീരമേഖലയുടെ വികസനത്തിന് മുതൽകൂട്ടാകുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ഈ മേഖലയിൽ 1045 എണ്ണം പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 414 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക ശൗചാലയം നിർമ്മിച്ചു കൊടുക്കുക വഴി വെളിയിട വിസർജ്ജനമുക്ത സംസ്ഥാനം (ODF State) എന്ന ആശയം സാക്ഷാത്കരിക്കുന്നതിൽ പങ്കുവഹിക്കാൻ കഴിഞ്ഞു 2017-18 സാമ്പത്തിക വർഷത്തിൽ 15314 ശൗചാലയം ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 4756 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയിൻ കീഴിൽ ഗ്രാമീണ കളിസ്ഥലങ്ങൾ നിർമ്മിക്കുകവഴി കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുവാനും ജീവിത ശൈലി രോഗങ്ങൾ കുറയ്ക്കുവാനും സഹായകമായിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 118 കളിസ്ഥലങ്ങളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 39 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ അവിദഗ്ദ്ധ തൊഴിലാളികൾക്ക് കൂലിനിരക്ക് കേന്ദ്ര സർക്കാർ പുനർനിർണ്ണയിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ കൂലി | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആദ്യം വിജ്ഞാപനം ചെയ്തത് 02.02.2006 ലാണ്. അന്നു മുതൽ 01.02.2011 വരെ പദ്ധതിയിലെ കൂലി നിരക്ക് 125/- രൂപയായിരുന്നു. എന്നാൽ 2011 മുതൽ ഓരോ വർഷവും കേന്ദ്രസർക്കാർ |

| | | | |
|---|---|---|---|
| | നിരക്കുമായി തട്ടിച്ച് നോക്കുമ്പോൾ ഇത് തുലോം കുറവാണെന്നതിനാൽ അത് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; | | സി.പി.ഐ- എ.എൽ (കൺസ്യൂമർ പ്രൈസ് ഇൻഡക്സ്- അഗ്രികൾച്ചറൽ ലേബർ)ന്റെ മാനദണ്ഡം അവലംബിച്ച് കൂലി വർദ്ധിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു വരുന്നു. 01.04.2017 മുതൽ കൂലി നിരക്ക് 258/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ വേതനം രണ്ടാഴ്ചക്കകം വിതരണം ചെയ്യണമെന്ന നിബന്ധന കർശനമായി പാലിക്കുന്നതിന് സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (സി) | 2016 ജനുവരി 1 ന് NeFMS (നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം) നിലവിൽ വന്നതു മുതൽ അവിദഗ്ദ്ധകായിക വേതനം കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് NeFMS വഴി തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് ലഭ്യമാകുന്നു. നിലവിൽ 97.26 ശതമാനം വേതനം 15 ദിവസത്തിനുള്ളിൽ പ്രോസസ്സ് ചെയ്യുകയും കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തൊഴിലാളികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) | ഈ പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം കൃത്യമായി കേന്ദ്ര സർക്കാരിന് നൽകാതിരുന്നത് മൂലം ഈ പദ്ധതികൾക്കുള്ള കേന്ദ്ര സഹായം സമയത്ത് ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ